


# സർദാരി ഭരണത്തിന്റെ ഒരു വർഷം



(പാക് ജമാഅത്തെ ഇസ്‌ലാമിയുടെ ഉപാധ്യക്ഷനും സാമ്പത്തിക വിദഗ്ധനുമാണ് ലേഖകൻ)

പ്രഫ. ഖുർശിദ് അഹ്മദ്

**പാകിസ്താന്റെ** ചരിത്രത്തിലെ കറുത്ത ഏടുകളായിരുന്നു പർവേസ് മുശർറഫിന്റെ എട്ട് വർഷത്തെ ഭരണകാലം. രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനും ജനാധിപത്യത്തിനും കനത്ത പ്രഹരമേറ്റ നയനിലപാടുകളിൽനിന്ന് രക്ഷപ്പെടാൻ ജനങ്ങൾ ആഗ്രഹിച്ചു. ഏറെ ദൗർബല്യങ്ങളും പരിമിതികളുമുണ്ടായിട്ടും 2008 ഫെബ്രുവരിയിലെ തെരഞ്ഞെടുപ്പിനെ ജനം സ്വാഗതം ചെയ്തത് അതുകൊണ്ടായിരുന്നു.

പാകിസ്താന്റെ ദാർശനികാടിത്തറക്ക് ഇളക്കംതട്ടുകയും ക്രമസമാധാനവും നീതിന്യായ വ്യവസ്ഥയും തകരുകയും പാർലമെന്റും കോടതിയും ഭരണകൂടവും അധികാരത്തിനുള്ള ഉപകരണമാവുകയും ചെയ്തു. അതിന്റെ ഫലമായി ഭരണഘടന പ്രയോഗത്തിലില്ലാത്ത ഗുരുതരാവസ്ഥ സംജാതമായി. മനുഷ്യാവകാശം ചവിട്ടിയരക്കപ്പെട്ടു.

അമേരിക്കയുടെ ഭീകരവിരുദ്ധയുദ്ധത്തിന്റെ ചട്ടുകമായതോടെ പാക് സൈന്യത്തിന്റെ ലക്ഷ്യം സ്വന്തം പൗരന്മാർ തന്നെയായി. സൈന്യവും പൊതുജനവും തമ്മിലുണ്ടാവേണ്ട പരസ്പര വിശ്വാസവും സഹവർത്തിത്വവും തകർന്നു. ഭയവും വെറുപ്പും വിദ്വേഷവും ജനഹൃദയങ്ങളെ ഭരിച്ചു. വടക്കൻ മേഖലയിലും ബലൂചിസ്താനിലും മാത്രമൊതുങ്ങിയിരുന്ന ഭീകരതയും തീവ്രവാദവും രാജ്യത്തെയൊന്നാകെ ഗ്രസിച്ചു.

ഇലക്ഷൻ കമീഷൻ സ്വന്തം ഉത്തരവാദിത്വം മറന്ന് രാഷ്ട്രീയ നേതൃത്വത്തിന്റെ ഉപകരണമായി. നീതിന്യായ കോടതികൾ ഭരണാധിപരുടെ ആജ്ഞാനുവർത്തികളായി. സാമ്പത്തികരംഗം കൂപ്പുകുത്തി. ദാരിദ്ര്യവും തൊഴിലില്ലായ്മയും പതിന്മടങ്ങു വർധിച്ചു. വിലയും നാണയപ്പെരുപ്പവും റിക്കാർഡുകൾ തകർത്തു. വാണിജ്യരംഗം ചരിത്രത്തിലെ

ഏറ്റവും വലിയ തകർച്ച നേരിട്ടു. അന്ത രാഷ്ട്ര കടം കഴുത്തു മുറുക്കി.

ഈയൊരവസ്ഥയിലാണ് ജനം മാറി ചിന്തിച്ചതും വോട്ടവകാശം മാറ്റത്തിനായി ഉപയോഗിച്ചതും. രണ്ടു പ്രമുഖ കക്ഷികൾക്ക് രാജ്യത്തെ രക്ഷിക്കാനാകുമെന്ന് ജനം കരുതി. ഭരണഘടനക്ക് പാർലമെന്റും നീതിന്യായവ്യവസ്ഥയും ക്രമസമാധാനവും സാമൂഹിക നീതിയും പുനഃസ്ഥാപിക്കാൻ പാകിസ്താൻ പീപ്പിൾസ് പാർട്ടി (പി.പി.പി.)യും മുസ്‌ലിം ലീഗും സന്നദ്ധമാവുമെന്ന് അവർ പ്രതീക്ഷിച്ചു. രണ്ടു പാർട്ടികളും സംയുക്തമായാണ് പ്രയാണം ആരംഭിച്ചത്. അത് ജനാധിപത്യത്തിലെത്തുമെന്ന് പ്രതീക്ഷിച്ചെങ്കിലും കടുത്ത നിരാശയായിരുന്നു ഫലം.

വ്യക്തിതാൽപര്യങ്ങളും പാർട്ടി പക്ഷപാതിത്വവും അധികാരമോഹവും ധനത്തോടുള്ള അത്യാർത്തിയും അമേ



**അഭിഭാഷകരെ നേരിടുന്ന പോലീസ്**

**എല്ലാ ഉന്നത പോസ്റ്റുകളിലും സ്വന്തക്കാരെ നിയമിച്ചിരിക്കുന്ന ആസിഫലി സർദാരി, മുശർറഫിന്റെ ഭരണഘടനാ പരിഷ്കാരങ്ങൾ നിലനിർത്തി എല്ലാ അധികാരങ്ങളും സ്വന്തമാക്കുകയും ഒപ്പം പാർട്ടിയുടെ കടിഞ്ഞാൺ കൈയിലൊതുക്കുകയും ചെയ്തിരിക്കുന്നു. പാർലമെന്റിലെന്നല്ല കാബിനറ്റിൽപോലും ചർച്ചചെയ്യാതെയാണ് സർദാരി കാര്യങ്ങൾ തീരുമാനിക്കുന്നതും നടപ്പിലാക്കുന്നതും. പ്രവിശ്യാ ഗവർണർമാരെപോലും കണക്കിലെടുക്കാതെ എല്ലാം കൊട്ടാരത്തിൽനിന്ന് തീരുമാനിക്കുന്നു.**

രിക്കൻ വിധേയത്വവും പൂർവോപരി ശക്തി പ്രാപിക്കുന്നതാണ് പിന്നെ കാണാനായത്. നീതിന്യായത്തിനും സ്വാതന്ത്ര്യത്തിനുമാണ് ഏറ്റവും കനത്ത പ്രഹരമേറ്റത്. 1999 ഒക്ടോബർ 12-ന് നിലവിലുണ്ടായിരന്ന ഭരണഘടന പുനഃസ്ഥാപിക്കുമെന്ന വാഗ്ദാനം ജലരേഖയായി. 2007 നവംബറിലെ മാറ്റത്തിന് ശേഷം മുശർറഫ് തുടങ്ങിവെച്ച ജനാധിപത്യ ധ്വംസനത്തിന്റെ ചിത്രങ്ങൾക്ക് കൂടുതൽ മിഴിവേറാൻ തുടങ്ങിയതോടെ പി.പി.പിയും മുസ്‌ലിംലീഗും വഴിപിരിഞ്ഞുവെങ്കിലും മറക്കു പിന്നിലും അവിഹിതബന്ധം തുടരുന്നുണ്ടായിരുന്നു. ഫലമോ? ഭരണത്തെ ശുദ്ധീകരിക്കാനോ പ്രതിപക്ഷത്തിന്റെ യഥാർഥ ദൗത്യം നിറവേറ്റാനോ മുസ്‌ലിം ലീഗിന് കഴിഞ്ഞില്ല.

ഗവൺമെന്റിനെ സംബന്ധിച്ച പൊതുജനാഭിപ്രായത്തിന്റെ ഗ്രാഫ് കുത്തനെ താഴുന്നതാണ് പിന്നെ കണ്ടത്. കഴിഞ്ഞ ഒരു വർഷത്തെ കണക്കെടുപ്പിൽ ഒട്ടും ആശാവഹമല്ലാത്ത, ഏറെ ആപൽക്കരമായ ചിത്രമാണ് ലഭിക്കുന്നത്.

2007 നവംബർ 3-ലെ ഭരണഘടനാവിരുദ്ധവും രാജ്യനന്മക്കെതിരുമായ തീരുമാനങ്ങൾ റദ്ദാക്കുകയായിരുന്നു തെരഞ്ഞെടുക്കപ്പെട്ട പാർലമെന്റ് ആദ്യമായി ചെയ്യേണ്ടിയിരുന്നത്. അതുവഴി തകർക്കപ്പെട്ട നീതിന്യായവ്യവസ്ഥയെ പുനഃസ്ഥാപിക്കാമായിരുന്നു. കിരാത നിയമങ്ങളുടെ കരിനിഴലിൽ തന്നെ രാജ്യത്തെ നിലനിർത്താനാണ് പാർലമെന്റും രാഷ്ട്രീയ നേതൃത്വവും തീരുമാനിച്ചത്. അഥവാ നീതിനിഷേധത്തിന്റെയും നിയമരാഹിത്യത്തിന്റെയും മേലെ സ്ഥാപിച്ച സിംഹാസനത്തിലാണ് അവർ അള്ളിപ്പിടിച്ചിരിക്കുന്നതെന്നർഥം.

## മുശർറഫിന്റെ നയങ്ങൾ തന്നെ

തീർത്തും നിരാശാജനകമാണ് പി.പി.പിയുടെ ഇതഃപര്യന്തമുള്ള പ്രവർത്തനങ്ങൾ. അമേരിക്കയുടെയും ബ്രിട്ടന്റെയുമൊക്കെ സഹായത്തോടെയും ദേശീയ സുരക്ഷാ ഓർഡിനൻസിന്റെ (NRO) ബലത്തിലുമാണ് സർദാരിയും കൂട്ടരും അധികാരത്തിലെത്തിയത്. ജനാധിപത്യവും ഭരണഘടനയും പുനഃസ്ഥാപിക്കുമെന്ന വാഗ്ദാനവും പൊതുജനത്തിന്റെ മാൻഡേറ്റും മറന്നുകൊണ്ട് വെറും വ്യക്തിതാൽപര്യങ്ങൾക്കായി എല്ലാ കഴിവും അർഥവും വിനിയോഗിക്കുകയാണ്. എല്ലാ അർഥത്തിലും അവർ മുശർറഫ് കാലഘട്ടത്തെ പിന്തുടരുകയാണ്. യാതൊരു രാഷ്ട്രീയ പ്രവർത്തന പാരമ്പര്യവും ഭരണപാടവവുമില്ലെന്ന് തെളിയിക്കുന്നതാണ് ഇപ്പോഴത്തെ ഭരണകൂടം. പ്രസിഡന്റ് പദവിക്കായി എല്ലാ ഉപജാപങ്ങളും നടത്തി. അതിന്റെ പദവിക്ക് ഭരണഘടന നൽകുന്ന പവിത്രതയും നിഷ്പക്ഷതയും കാറ്റിൽപറത്തി, എല്ലാ ഉന്നത പോസ്റ്റുകളിലും സ്വന്തക്കാരെ നിയമിച്ചിരിക്കുന്ന ആസിഫലി സർദാരി, മുശർറഫിന്റെ ഭരണഘടനാ പരിഷ്കാരങ്ങൾ നിലനിർത്തി എല്ലാ അധികാരങ്ങളും സ്വന്തമാക്കുകയും ഒപ്പം പാർട്ടിയുടെ കടിഞ്ഞാൺ കൈയിലൊതുക്കുകയും ചെയ്തിരിക്കുന്നു. രാജ്യത്ത് മാത്രമല്ല ലോകമൊട്ടുക്കും സമ്പാദിച്ച ദുഷ്പേരിന് നിമിത്തമായ ഇടപാടുകൾ ഇപ്പോൾ പുനരാരംഭിച്ചിരിക്കുന്നു. നിയമപരമായി ചീഫ് എക്സിക്യൂട്ടീവ് മാത്രമാണ് പ്രസിഡന്റ്. എന്നിട്ടും പാർലമെന്റിലെന്നല്ല കാബിനറ്റിൽപോലും ചർച്ചചെയ്യാതെയാണ് സർദാരി കാര്യങ്ങൾ തീരുമാനിക്കുന്നതും നടപ്പിലാക്കുന്നതും. പ്രവിശ്യാ ഗവർണർമാരെപോലും കണക്കിലെടുക്കാതെ എല്ലാം കൊട്ടാരത്തിൽനിന്ന് തീരുമാനിക്കുന്നു.

അധികാര വികേന്ദ്രീകരണത്തിന് പകരം എല്ലാ വകുപ്പുകളെയും സ്വന്തമാക്കിവെച്ചിരിക്കുന്നു. വകുപ്പുകൾ തമ്മിൽ ഏകോപനമോ സഹകരണമോ ഇല്ല. പാകിസ്താന്റെ ചരിത്രത്തിലെ ഏറ്റവും വലിയ ജംബോ മന്ത്രിസഭയാണ് സർദാ

രിയുടേത്. 62 കാബിനറ്റ് മന്ത്രിമാരും കാബിനറ്റ് പദവിയുള്ള 15 പേർക്കു പുറമെ നിരവധി സെക്രട്ടറിമാരും ഉപദേശികളുമടങ്ങുന്ന വൻപട പാകിസ്താന്റെ നട്ടെല്ലൊടിക്കുമെന്ന് തീർച്ച. 4 കോടി രൂപയാണ് ഒരു കാബിനറ്റ് മന്ത്രിയുടെ വാർഷിക ചെലവ്.

## അമേരിക്കൻ വിധേയത്വം

ഇക്കാര്യത്തിൽ മുശർറഫിനേക്കാൾ രണ്ടടി മുമ്പിലാണ് ഇന്നത്തെ ഭരണാധികാരി. അമേരിക്കയിലുണ്ടായ ഭരണമാറ്റത്തെ ഉപയോഗപ്പെടുത്തി ബന്ധങ്ങളിലെ ഏകപക്ഷീയത ഒഴിവാക്കാനും മാന്യമായ പരസ്പര ബന്ധത്തിനുമുള്ള അവസരം പോലും സർദാരി കളഞ്ഞുകുളിച്ചു. ദേശീയ പ്രശ്നങ്ങളിൽ അമേരിക്കൻ ആധിപത്യം ശക്തിയാർജിച്ചിരിക്കുന്നു. ഭീകരാക്രമണങ്ങൾ കഴിഞ്ഞ വർഷം റിക്കാർഡു തകർത്തു. അതിനായി പാകിസ്താനെ ഉപയോഗിക്കുകയാണെന്ന് പകൽവെളിച്ചം പോലെ വ്യക്തമാണ്.

ഗൂഗിൾ ചിത്രങ്ങൾ പരിശോധിച്ചാലറിയാം ബലൂചിസ്താന്റെയും സിന്ധിന്റെയും അതിർത്തികളിൽ, ഖാറാൻ പ്രവിശ്യയിൽ അമേരിക്കയുടെ സൈനിക താവളമുണ്ടെന്ന്. അവിടങ്ങളിൽ സ്ഥാപിച്ച വിക്ഷേപിണികളിൽനിന്നാണ് സ്വന്തം പൗരന്മാരെ കൊല്ലാനുള്ള മിസൈലുകൾ തൊടുത്തുവിടുന്നത്. തെക്കും വടക്കുമുള്ള വസീറിസ്താനെയും ബാജോഡിനെയുമാണ് ഈ മിസൈലുകളും ബോംബുകളും ലക്ഷ്യമിടുന്നത്. അവിടെ ഭീകരൻ ഒളിച്ചിരിപ്പുണ്ടത്രെ. എന്നാൽ മരിച്ചുവീഴുന്നത് സ്ത്രീകളും കുട്ടികളുമടങ്ങുന്ന സിവിലിയന്മാർ. സർദാരിയുടെ പ്രതിഷേധ പ്രസ്താവനകൾ ജനങ്ങളുടെ കണ്ണിൽ പൊടിയിടാനുള്ള സൂത്രമാണെന്ന് എല്ലാവരും മനസ്സിലാക്കി കഴിഞ്ഞു. അതിനൊന്നും ഈ കിരാതത്വത്തെ മറച്ചുവെക്കാനാവില്ല.

അമേരിക്ക 'ഇനിയും ചെയ്യൂ' (do more) എന്ന് പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്നു. മുംബൈ ആക്രമണ ശേഷം ഇന്ത്യയുടെ എല്ലാ ആരോപണങ്ങളെയും സർദാരി ശരിവെച്ചിരിക്കുന്നു. യഥാർഥത്തിൽ ഇതിന്റെ പിന്നിലും കളിച്ചത് അമേരിക്കയും ഇസ്രയേലും തന്നെയാണ്. അമേരിക്കൻ അജണ്ടയെ അവഗണിച്ച് തലയുയർത്തിപ്പിടിക്കുന്ന ഒരു രാഷ്ട്രീയനേതൃത്വമാണ് പാകിസ്താനിൽ ഇല്ലാതെ പോയത്.

അഫ്ഗാനിലെ സ്ഥിതിയോ? 2008-ൽ അമേരിക്കൻ നാറ്റോ സേനകൾക്ക് കനത്ത നഷ്ടമേൽപിച്ച താലിബാന്റെ കൈയിലാണ് 72 ശതമാനം പ്രദേശങ്ങളും. അതേസമയം സിവിലിയന്മാരുടെ ജീവഹാനി 40 ശതമാനം വർധിച്ചിട്ടുമുണ്ട്. എന്നാൽ പാകിസ്താൻ സൈന്യത്തിന്റെ ആക്രമണത്തിനിരയായി കഴിഞ്ഞ 17 മാസങ്ങളിൽ 5000 പാകിസ്താനികളാണ് മരിച്ചത്. ഭവനരഹിതരായവരുടെ എണ്ണമാകട്ടെ അഞ്ചുലക്ഷം കവിയും.

ഭീകരാക്രമണത്തിന്റെ കാര്യത്തിൽ 2008 ഏറ്റവും ചീത്തവർഷമാണ്. Pak Institute of Peace Studies ന്റെ 19.01.09ലെ റിപ്പോർട്ടനുസരിച്ച്, പി.പി.പിയും സഖ്യകക്ഷികളും ഭരണമേറ്റശേഷം അതിർത്തി സംസ്ഥാനത്ത് സൈനികനടപടിക്കിരയായി മരിച്ചവർ ആയിരത്തിലധികമാണ്. ബലൂചിസ്താനിൽ 642ഉം ഗോത്രവർഗക്കാരിൽ 385 പേരും പഞ്ചാബിൽ 35ഉം സിന്ധിൽ 25ഉം ഇസ്‌ലാമാബാദിൽ 7ഉം പാക് അധീന കശ്മീരിൽ 4ഉം പേർ മരിച്ചു. പരിക്കേറ്റവർ മൊത്തം 9500 കവിയും. ഭീകരതയെ ഉന്മൂലനം ചെയ്യാനുള്ള അമേരിക്കൻ ഉത്തരവു നടപ്പാക്കിയതിന്റെ ബാക്കിപത്രമാണ് ഈ റിപ്പോർട്ടിലൂടെ വെളിച്ചംകണ്ടത്.

ആംനസ്റ്റി ഇന്റർനാഷണലിന്റെ 13.02.09ലെ റിപ്പോർട്ട് പ്രകാരം, സ്വാത്തിൽമാത്രം കഴിഞ്ഞ വർഷം 1200 പേർ മരിക്കുകയും 5 ലക്ഷം പേർ ഭവനരഹിതരാവുകയും ചെയ്തിട്ടുണ്ട്. താലിബാൻ മനുഷ്യാവകാശങ്ങളെ ചവിട്ടിമെതിക്കുന്നു. എന്നാൽ മനുഷ്യാവകാശസംരക്ഷണത്തിനായി പ്രതിജ്ഞാബദ്ധമായ പാകിസ്താൻ സെക്യൂരിറ്റി ഫോഴ്സിന് മനുഷ്യാവകാശങ്ങൾ എന്താണെന്ന് പോലുമറിയില്ല എന്ന റിപ്പോർട്ടിലെ വാചകങ്ങൾ ഏത് പാകിസ്താനിയെയും ലജ്ജിപ്പിക്കും.

## സാമ്പത്തികരംഗം

മറ്റേതിനേക്കാളുമേറെ പരിതാപകരമാണ് സാമ്പത്തിക മേഖല. ഒരു വർഷത്തിനകം മൂന്ന് ധനകാര്യമന്ത്രിമാരെയും നാല് ധനകാര്യ സെക്രട്ടറിമാരെയുമാണ് പാകിസ്താന് കാണേണ്ടിവന്നത്. സാമ്പത്തിക മുന്നേറ്റത്തിനും മാന്ദ്യത്തെ നേരിടാനുമായി ശ്രദ്ധേയമായ യാതൊരു നടപടിയും കൈക്കൊള്ളാൻ മാറിമാറിവന്ന ധനമന്ത്രിമാർക്ക് കഴിഞ്ഞില്ല. എന്നാൽ ഐ.എം.എഫിന്റെ എല്ലാ ഉപാധികളും ഒപ്പിട്ടംഗീകരിച്ചുകൊണ്ട് കടക്കെണിയിലേക്ക് പൂർണമായി വീണ് കഴിഞ്ഞിരിക്കുന്നു. വിദേശകടം 3600 കോടിയിൽനിന്ന് 5000 കോടിയായി വർധിച്ചു. 700 കോടി തരാമെന്നേറ്റ ഐ.എം.എഫ് വായ്പ 400 കോടി വാങ്ങുകയും 1000 കോടി കൂടി അധികം ആവശ്യപ്പെടുകയുമാണ് സർദാരി ഭരണകൂടം ചെയ്തത്. സ്റ്റേറ്റ് ബാങ്കിന്റെ ഡിസ്കൗണ്ട് 15 ശതമാനം ആക്കിയതോടെ മൂലധനക്കമ്മി അനുഭവപ്പെടുന്നു. 20 മുതൽ 40 ശതമാനം വരെ കടംവാങ്ങി എങ്ങനെ ഒരുരാജ്യം അഭിവൃദ്ധിപ്പെടും?

ലോക വിപണിയിൽ എണ്ണവില 148 ഡോളറിൽനിന്ന് 36ലേക്ക് കുറയുകയും 40-ൽ സ്ഥിരമാവുകയും ചെയ്തപ്പോഴും വിലകുറക്കാൻ തയാറാവാതെ പൊതുജനത്തിൽനിന്ന് 80 ദശലക്ഷം രൂപയാണ് അധികമായി വാങ്ങിയത്.

വൈദ്യുതി, വെള്ളം, ഗ്യാസ് എന്നിവയുടെ സ്ഥിതിയും ഒട്ടും ആശാവഹമല്ല. ലോഡ്ഷെഡ്ഡിംഗും പവർകട്ടും കൊണ്ട് പൊറുതിമുട്ടുന്നു. കൃഷിയും വ്യവസായവും തകർന്നു. 60 ശതമാനം വരുന്ന ടെക്സ്റ്റയിൽ മേഖല നഷ്ടത്തിലേക്ക് കൂപ്പുകുത്തുകയാണ്. 40 ശതമാനം ഫാക്ടറികളും അടച്ചുകഴിഞ്ഞു. എല്ലാ രംഗത്തും ഇറക്കുമതി വർധിക്കുകയും കയറ്റുമതി കുറയുകയും ചെയ്തുവെന്നതാണ് വൈദ്യുതി പ്രതിസന്ധിയുടെ ആത്യന്തികഫലം.

തൊഴിലില്ലായ്മ 40 ശതമാനമാണ്. 6-7 കോടി ജനങ്ങൾ ദാരിദ്ര്യരേഖക്ക് താഴെയാണെന്ന് ഔദ്യോഗിക കണക്കുകൾ തന്നെ സമ്മതിക്കുന്നു. സാമ്പത്തിക സഹായം ലഭിച്ചിരുന്നവരാകട്ടെ 8-10 ശതമാനം മാത്രമായി കുറഞ്ഞിരിക്കുന്നു.

ശരിയായ സാമ്പത്തിക നയം രൂപീകരിക്കുകയാണ് പരിഹാരം. ദേശീയ ഉൽപന്നങ്ങൾ ചുളുവിലക്ക് പുറത്തു കടത്തുന്നത് നിയന്ത്രിക്കപ്പെടണം. വിദേശ കടത്തെ ആശ്രയിക്കുന്ന സാമ്പത്തിക നയം ഉപേക്ഷിക്കുകയും ഭരണതലത്തിലെ അമിത ചെലവുകൾ നിയന്ത്രിക്കുകും വേണം.

ചുരുക്കത്തിൽ എവിടെയാണ് ബാന്റേജിടേണ്ടതെന്നറിയാത്തവിധം മേലാസകലം പരിക്കേറ്റിരിക്കുകയാണ് സാമ്പത്തികരംഗം.

## വൈദേശിക ഭീഷണി

ഈ സ്ഥിതിവിശേഷം ഭരണനിർവഹണത്തെക്കുറിച്ചുള്ള ആശങ്കകൾക്കപ്പുറം ജനമനസ്സിൽ ജനാധിപത്യത്തോട് തന്നെ വിരക്തി ഉണ്ടാകാൻ കാരണമായിരിക്കുന്നു. അതിന്റെ പ്രത്യാഘാതം, ചിലർ തീവ്രവാദത്തിലേക്കും ഭീകരപ്ര



**അതിർത്തി പ്രവിശ്യയിൽ പാക് സൈന്യം ഒരു മദ്റസ ആക്രമിച്ചപ്പോൾ കൊല്ലപ്പെട്ടവരുടെ മൃതദേഹങ്ങൾ**

വർത്തനങ്ങളിലേക്കും തിരിയുമ്പോൾ മറ്റുചിലർ നിരാശയോടെ നിഷ്ക്രിയരായി മാറുന്നു എന്നതാണ്. ദേശീയ സുരക്ഷിതത്വം ഉറപ്പുവരുത്തിയും പരിഷ്കരണത്തിന് ക്രിയാത്മക പരിപാടികൾ കണ്ടെത്തിയും രാഷ്ട്രത്തെ ഭദ്രമാക്കി നിർത്തേണ്ട സന്ദർഭമാണിത്. അമേരിക്കയിലേയും യൂറോപ്പിലെയും ഭരണാധികാരികൾ പാകിസ്താനെ ഉന്മൂലനം ചെയ്യാനുള്ള തീരുമാനത്തിൽ യോജിച്ചിരിക്കുന്നു. അതിന്റെ ഇസ്‌ലാമികാസ്തിത്വവും ന്യൂക്ലിയർ ശക്തിയുമാണതിന്റെ ഹേതു. അതിനവർ കാലാവധി നിശ്ചയിച്ചിട്ടുമുണ്ട്. ചിലപ്പോൾ 2015ഓടെ അല്ലെങ്കിൽ 2020ഓടെ എന്നാണ് സി.ഐ.എയുടെയും മൊസാദിന്റെയും മനക്കണക്ക്.

പാകിസ്താനെതിരെ അമേരിക്കയുടെ നിരന്തരമായ ആക്രമണങ്ങൾ ഇതൊരു ഉപയോഗശൂന്യരാഷ്ട്രമാണെന്ന് ലോകത്തെക്കൊണ്ടംഗീകരിപ്പിച്ചു. അതിന്റെ ആണവായുധങ്ങൾ തട്ടിയെടുക്കാനും രാജ്യത്തെ ഒറ്റപ്പെടുത്താനുമുള്ള തന്ത്രങ്ങളുടെ ഭാഗമാണിത്. മീഡിയ ദുരുപദിഷ്ടമായ കുപ്രചാരണങ്ങളിലൂടെ അതിൽ പങ്കാളിയാവുന്നു. ലോകശക്തികളുടെ നേരിട്ടുള്ള ഇടപെടലുണ്ടായാലും അത്ഭുതപ്പെടേണ്ടതില്ല.

രാജ്യത്തെ നല്ലൊരുവിഭാഗം സൈന്യത്തെ രാജ്യരക്ഷക്ക് നിയോഗിക്കുന്നതിന് പകരം സ്വന്തം പൗരന്മാർക്കെതിരെ തിരിച്ചുവിട്ടതും ഗൂഢാലോചനയുടെ ഭാഗമായി കാണണം. സേനയും സിവിലിയന്മാരും തമ്മിൽ സംഘർഷങ്ങളുണ്ടാക്കിയാൽ ദൂരവ്യാപകമായ പ്രത്യാഘാതമായിരിക്കും ഫലം.

**2007 നവംബർ 3-ലെ ഭരണഘടനാവിരുദ്ധവും രാജ്യനന്മക്കെതിരുമായ തീരുമാനങ്ങൾ റദ്ദാക്കുകയായിരുന്നു തെരഞ്ഞെടുക്കപ്പെട്ട പാർലമെന്റ് ആദ്യമായി ചെയ്യേണ്ടിയിരുന്നത്. അതുവഴി തകർക്കപ്പെട്ട നീതിന്യായവ്യവസ്ഥയെ പുനഃസ്ഥാപിക്കാമായിരുന്നു. കിരാത നിയമങ്ങളുടെ കരിനിഴലിൽ തന്നെ രാജ്യത്തെ നിലനിർത്താനാണ് പാർലമെന്റും രാഷ്ട്രീയ നേതൃത്വവും തീരുമാനിച്ചത്. അഥവാ നീതിനിഷേധത്തിന്റെയും നിയമരാഹിത്യത്തിന്റെയും മേലെ സ്ഥാപിച്ച സിംഹാസനത്തിലാണ് അവർ അള്ളിപ്പിടിച്ചിരിക്കുന്നതെന്നർഥം.**

## ദേശീയ ഐക്യത്തിന്റെ അനിവാര്യത

ഈ വിപത്സന്ധിയിൽ വിവിധ രാഷ്ട്രീയ പാർട്ടികളും വ്യത്യസ്ത ജനവിഭാഗങ്ങളും ശത്രുത മറന്ന് ഐക്യപ്പെടുകയല്ലാതെ വേറെ മാർഗമില്ല. രാഷ്ട്രീയ കുരുക്കുകളിൽനിന്നും സാമ്പത്തിക അഴിമതിയിൽനിന്നും രക്ഷപ്പെടാനുള്ള സൂത്രമാകരുത് ഐക്യശ്രമങ്ങൾ. അടിസ്ഥാന തത്ത്വങ്ങളിൽ ഐക്യപ്പെട്ട് രാജ്യത്തെ ജനാധിപത്യപാതയിലേക്ക് നയിക്കാൻ പര്യാപ്തമായ ഒരു കൂട്ടായ്മയാണ് രൂപപ്പെടേണ്ടത്. താഴെ പറയുന്ന നടപടികൾ അതിന് അനിവാര്യമാണ്:

1. 2007 നവംബർ 3-ലെ തീരുമാനങ്ങൾ പൂർണമായും റദ്ദാക്കുകയും നീതിപീഠത്തെ അതിന് മുമ്പുള്ള അവസ്ഥയിലേക്ക് തിരിച്ചുകൊണ്ടുവരികയും ചെയ്യുക.

2. ജനറൽ പർവേസ് മുശർറഫിനെ നീതിക്ക് മുമ്പിൽ കൊണ്ടുവരണം. അദ്ദേഹത്തിന് സ്വന്തം വാദങ്ങൾ നിരത്താൻ അനുവദിച്ചുകൊണ്ട് ഭരണഘടനാവിരുദ്ധ ചെയ്തികൾ തെളിയിക്കപ്പെട്ടാൽ ശിക്ഷ നൽകണം.

3. എല്ലാ പാർട്ടികളെയും ഉൾപ്പെടുത്തി ദേശീയ ഐക്യ ഫോർമുല തയാറാക്കുക. 1973-ലെ ഭരണഘടന പുനഃസ്ഥാപിച്ചുകൊണ്ട് പാർലമെന്റിന്റെ പരമാധികാരവും നീതിന്യായ വകുപ്പിന്റെ നിഷ്പക്ഷതയും ഉറപ്പുവരുത്തുകയും വേണം.

4. രാജ്യത്തിന്റെ പരമാധികാരം സംരക്ഷിക്കുകയും അമേരിക്കയുടെ ഭീകരതാ വിരുദ്ധ യുദ്ധത്തിൽനിന്ന് വിട്ടുനിൽക്കുകയും ചെയ്യണം.

5. ദേശീയതലത്തിൽ ഒരു സർവകക്ഷി താൽക്കാലിക ഭരണത്തിനു കീഴിൽ തെരഞ്ഞെടുപ്പ് നടത്തി സ്വയം നിർണയാവകാശം അനുവദിക്കുക.

6. രാജ്യത്തിന്റെ സ്വയം പര്യാപ്തതക്ക് പറ്റിയവിധത്തിൽ ഒരു സാമ്പത്തികനയം ഉണ്ടാകണം. അതിനായി നാട്ടിലെ സാമ്പത്തികശാസ്ത്രജ്ഞരുടെ സഹായത്തോടെ പദ്ധതികൾ ആവിഷ്കരിക്കണം. അതുവഴി സാധാരണക്കാരന്റെ ഉന്നമനവും ദാരിദ്ര്യനിർമാർജനവും ലക്ഷ്യമാക്കണം.

7. രാഷ്ട്രീയ പ്രശ്നങ്ങൾക്ക് കൂടിയാലോചനയിലൂടെയും പരസ്പര സംവാദത്തിലൂടെയും പരിഹാരം കാണണം.

8. മാധ്യമ സ്വാതന്ത്ര്യത്തോടൊപ്പം പൗരാവകാശങ്ങളും സംരക്ഷിക്കപ്പെടണം.

നേതൃത്വത്തിന് മാത്രമല്ല രാജ്യത്തെ ഓരോ പൗരനും ഇതൊരു പരീക്ഷണ ഘട്ടമാണ്. ഏത് വെല്ലുവിളിയെയും നേരിടാനായി കച്ചമുറുക്കുകയല്ലാതെ അവർക്ക് മുമ്പിൽ മറ്റൊരു മാർഗവുമില്ല.

**വിവ. അബ്ദുർറഹ്മാൻ കൊടിയത്തൂർ**